"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം -കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സീനിയർ നേഴ്സിംഗ് ഓഫീസറായ ശ്രീമതി. അനിത പി.ബി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT) 59/2024 നമ്പർ കേസിന്റെ 01/03/2024 തീയതിയിലെ വിധിന്യായം അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.976/2024/H&FWD തീയതി,തിരുവനന്തപുരം, 06-04-2024

---

പരാമർശം:-

1. 25/8/2023 ലെ ഡി എം ഇ തലത്തിലെ അന്വേഷണ കമ്മിറ്റിയുടെ CA/20/2023/JDME(M) നമ്പർ റിപ്പോർട്ട്
2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്റ്ററുടെ 28/11/2023 ലെ ജെ3/2764/2023/മെ .വി .വ നമ്പർ നടപടിക്രമം
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A (EKM) 1978/2023 നമ്പർ കേസിന്റെ 01/12/2023 തീയതിയിലെ അന്തിമ വിധിന്യായം
4. സ.ഉ. (സാധാ) നം .93/2024/H&FWD തീയതി 16/01/2024
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A (EKM) 94/2024 നമ്പർ കേസിന്റെ 30/01/2024 തീയതിയിലെ അന്തിമ വിധിന്യായം
6. ബഹു.ഹൈക്കോടതിയുടെ OP(KAT) 59/2024 നമ്പർ കേസിന്റെ 01/03/2024 തീയതിയിലെ ഉത്തരവ്
7. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 5-03-2024 തീയതിയിലെ ജെ3/2764/2023/മെ .വി .വ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ പീഡനത്തിനിരയായതായി പരാതിപ്പെട്ട രോഗിയെ സന്ദർശിച്ച് സ്വാധീനിക്കാൻ ശ്രമിച്ചു എന്ന വിഷയത്തിൽ ഡി എം ഇ തലത്തിൽ നടത്തിയ, പരാമർശം 1 അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പ്രകാരം, ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച്ച ഉണ്ടായെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സീനിയർ നഴ്സിംഗ് ഓഫീസർ ആയിരുന്ന ശ്രീമതി. അനിത പി ബി -യെ, പരാമർശം 2 പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും ഇടുക്കി മെഡിക്കൽ കോളേജിലേക്ക് സ്ഥലം മാറ്റി നിയമിച്ചിരുന്നു .

2) ശ്രീമതി അനിതയെ ഇടുക്കി മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റിയ, പരാമർശം 2 ലെ,

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ക്രമം ശരിവച്ച് കൊണ്ട് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ശ്രീമതി. അനിത പി ബി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A (EKM) 94/2024 നമ്പറായി വീണ്ടും കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിന്റെ 30/01/2024 തീയതിയിലെ അന്തിമവിധിന്യായത്തിൽ, പരാതിക്കാരിയായ ശ്രീമതി അനിത പി.ബി, ട്രാൻസ്ഫറിനെതിരെ നിവേദനം സമർപ്പിക്കുകയാണെങ്കിൽ ആയത് പരിഗണിക്കാൻ സർക്കാരിന്, ബഹു. ട്രിബ്യൂണൽ നിർദ്ദേശം നൽകി. ബഹു. ട്രൈബ്യൂണലിന്റെ ടി ഉത്തരവിനെതിരെ ശ്രീമതി. അനിത പി ബി ബഹു.ഹൈക്കോടതിയിൽ O.P (KAT) No. 59/2024 ഫയൽ ചെയ്തു .

3) OP(KAT) 59/2024 നമ്പർ കേസിന്റെ 01/03/2024 തീയതിയിലെ വിധിന്യായത്തിൽ, 01.04.2024 മുതൽ പ്രാബല്യത്തോടെ വരുന്ന ഒഴിവിൽ, പരാതിക്കാരിയായ ശ്രീമതി. അനിത പി ബി -യെ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിയമിക്കാൻ എതിർകക്ഷികളോട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

4) ശ്രീമതി. അനിത പി ബി -യെ ഇടുക്കി മെഡിക്കൽ കോളേജിൽ നിന്നും കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്ന വിഷയത്തിൽ ഉചിതമായ മാർഗ്ഗനിർദ്ദേശം നൽകണമെന്ന് പരാമർശം (7) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. അനിത പി.ബി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT) 59/2024 നമ്പർ കേസിന്റെ 01/03/2024 തീയതിയിലെ വിധിന്യായം അനുപാലിച്ചുകൊണ്ട്, ഇടുക്കി മെഡിക്കൽ കോളേജിലേക്ക് സ്ഥലം മാറ്റം ചെയ്യപ്പെട്ട, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയർ നഴ്സിംഗ് ഓഫീസർ ആയ ശ്രീമതി. അനിത പി ബി -യെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ നിലവിലുള്ള ഒഴിവിലേക്ക് നിയമിക്കുന്നു. ഇത് സംബന്ധമായ തുടർനടപടികൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഉടനടി സ്വീകരിക്കേണ്ടതാണ്.

6) ഈ ഉത്തരവ് 444/2024 റിവ്യൂ പെറ്റീഷന്റെ അന്തിമ വിധിക്ക് വിധേയമായിരിക്കും .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം )
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ /സൂപ്രണ്ട് മെഡിക്കൽ കോളജ് ആശുപത്രി, കോഴിക്കോട് / ഇടുക്കി
ശ്രീമതി. അനിത പി.ബി ,പുത്തൻപുരയിൽ വീട് ,പറമ്പിൽക്കടവ് ,കക്കോടി, കോഴിക്കോട്-673611
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) (എ &ഇ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 06-04-2024 19:54:42

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്